നം.കെ.എസ്.എ-കെ.ടി.എം.പി3/130/2017 തീയതി : 07.02.2017

# കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24.01.2016 മുതൽ 31.01.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | :ശ്രീമതി റംലബീവി പി.എ. | |
| | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | :27.1.2017 മുതൽ 3.2.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | :ശ്രീ.നടരാജൻ പി.ബി. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ജയകുമാരിയമ്മ ജി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജോർജ്ജുകുട്ടി ജോസഫ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ബിജി മൂലങ്കൽ | 1.4.15 മുതൽ 31.10.15 വരെ |
| | ശ്രീമതി സൈന തോമസ് | 1.11.15 മുതൽ 31.3.16 വരെ |
| നിർവ്വഹണോദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| സെക്രട്ടറി | ശ്രീ.വൈ.വിജയകുമാർ | 1.4.15 – 30.9.15 |
| | ശ്രീ.എ.ജെ.ജോസഫ് | 1.10.15 – 31.10.15 |

| | | |
|---|---|---|
| | ശ്രീമതി ഉഷ കെ.റ്റി. | 1.11.15 – 22.12.15 |
| | ശ്രീമതി അനിസ് ജി. | 23.12.15 – 14.2.16 |
| | ശ്രീ.വിശ്വൻ പി.കെ. | 15.2.16 – 31.3.16 |
| സി ഡി പി ഒ | ശ്രീമതി യമുന കെ.(ചാർജ്) | 1.4.15 മുതൽ 30.11.15 വരെ |
| എസ് സി ഡിഒ | ശ്രീമതി ജെസ്സി മാമ്മൻ | 01.12.15 മുതൽ 31.03.16 വരെ |
| | ശ്രീ.സാജു ജേക്കബ് | 1.4.15 മുതൽ 31.3.16 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി അന്ന കുമാരൻ | 1.4.15 മുതൽ 31.3.16 വരെ |
| എ ഡി എ | ശ്രീമതി മാഗി മെറീന | 1.4.15 മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീ.പി.പ്രസാദ് | 1.4.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.സിമി തോമസ് | 1.4.15 മുതൽ 31.03.16 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| | ഭാഗം 1 പൊതു അവലോകനം |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | സാംഖ്യ സ്റ്റേഷനറി-വിനിയോഗ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല |
| 2-3 | മാനുവൽ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ – സൂക്ഷിപ്പ് തൃപ്തികരമല്ല |
| 2-4 | ഐ.എ.വൈ അഡീഷണൽ അക്കൗണ്ടിൽ അവശേഷിക്കുന്ന 86.26 ലക്ഷം രൂപയുടെ ഇനവിവരം വ്യക്തമല്ല-തുകയുടെ വിനിമയത്തിൽ അപാകം |
| | ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | ദർഘാസ് പരസ്യങ്ങൾ പൂർണ്ണരൂപത്തിൽ നൽകി |
| 3-2 | സാംസ്കാരിക നിലയത്തിന് ഉപകരണങ്ങൾ വാങ്ങൽ-വാങ്ങൽ സുതാര്യമല്ല |

| | |
|---|---|
| 3-3 | ബോധവൽക്കരണ പരിപാടികൾ-സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല |
| 3-4 | ഐ.എ.വൈ. പദ്ധതി |
| 3-5 | ഐ.എ.വൈ ഭവനവായ്പ – സർക്കാർ നിർദ്ദേശം പാലിയ്ക്കുന്നില്ല |
| 3-6 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല – തുക തടസ്സപ്പെടുത്തുന്നു |
| | ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ) |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2015-16 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2015-16 |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ 2015-16 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2015-16 |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 18.03.15 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

ആകെ വരവ് - 240681000/- രൂപ

ആകെ ചെലവ് -216565000/- രൂപ

നീക്കിയിരിപ്പ് - 24116000/- രൂപ

ബജറ്റ് -വസ്തുനിഷ്ഠമായി തയ്യാറാക്കിയില്ല.

2015-16 വർഷത്തേയ്ക്കുള്ള ബജറ്റ് സാംഖ്യ അക്കൗണ്ടിംഗ് സമ്പ്രദായവുമായി പൊരുത്തപ്പെടുന്ന രീതിയിൽ വിശദമായ അക്കൗണ്ട് ശീർഷകവും അക്കൗണ്ട് കോഡും അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിയിട്ടുള്ളതെങ്കിലും ആയത് നിയമം അനുശാസിക്കുന്ന വിധം വാസ്തവീകമായ രീതിയിൽ ആവശ്യമായ മുന്നൊരുക്ക നടപടികൾ പാലിച്ച് തയ്യാറാക്കിയതല്ല. ബജറ്റ് വസ്തുതാപരമാക്കുന്നതിന് വേണ്ടിയാണ് ബജറ്റ് അവതരിപ്പിക്കുന്ന വർഷത്തിന് തൊട്ടുമുമ്പ് പൂർത്തിയായ സാമ്പത്തിക വർഷത്തെ യഥാർത്ഥ കണക്കുകളും നടപ്പ് സാമ്പത്തിക വർഷത്തെ 9 മാസത്തെ യഥാർത്ഥ കണക്കുകളും 3 മാസത്തെ പ്രതീക്ഷിത കണക്കുകളും അടിസ്ഥാനമാക്കിയുള്ള പുതുക്കിയ ബജറ്റും ഉൾപ്പെടുത്തുന്നത്. പ്രസ്തുത കണക്കുകളിൽ നിന്ന് ഏതെങ്കിലും ഇനത്തിനുള്ള വകയിരുത്തലിൽ അടുത്ത വർഷത്തേയ്ക്കുള്ള ബജറ്റിൽ പ്രകടമായ വ്യതിയാനം ഉണ്ടാകുന്നുവെങ്കിൽ ആയതിനുള്ള കാരണം കുറിപ്പുകളിലൂടെ വിശദീകരിക്കേണ്ടതുമാണ്. എന്നാൽ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ ബജറ്റ് വസ്തുനിഷ്ഠമായ രീതിയിൽ തയ്യാറാക്കിയിരുന്നതല്ലായെന്ന് ഓഡിറ്റിൽ നടത്തിയ വിശകലനത്തിൽ വ്യക്തമായിട്ടുണ്ട്. അപാകതകൾ തുടർന്നുള്ള വർഷങ്ങളിൽ പരിഹരിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 29.07.2016 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 1.2.2017 | കെ.എസ്.എ-കെ.ടി.എം.പി3/2017 തീയതി |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,42,22,244 |
| വരവ് | 7,07,43,090 |
| ആകെ | 12,49,65,334 |
| ചെലവ് | 7,24,93,788 |
| നീക്കിയിരിപ്പ് | 5,24,71,546 |

## 1-5 ഫണ്ട് വിനിയോഗം

(അംഗീകരിച്ച ഫണ്ട് വിനിയോഗപത്രിക പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | *4876100 (4784973+91127) | 17545823 (16055015 + 1490813 -TC) | 22421923 | 22421923 | 0 | 0 |
| വികസനഫണ്ട് എസ്.സി.പി. | 4808537 | 6970705 | 11779242 | 10305446 | 1473796 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 17017 | 108047 | 125064 | 108047 | 17017 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 3062159 | 0 | 3062159 | 3062159 | | 0 |

* മുൻ വർഷ റിപ്പോർട്ടിലെ ഗ്രാമീണറോഡ് നീക്കിയിരിപ്പ് തുക ഉൾപ്പെടെ

## 1-6 പദ്ധതി അവലോകനം

ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറിയുടെ 30.5.2015 ലെ 490/2015/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം 2015-16 വാർഷികപദ്ധതിയ്ക്ക് അന്തിമാംഗീകാരം ലഭിച്ചു.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 63 | 96348172 | 53 | 35717675 | 07 | 10 | 84 |

വാർഷിക പദ്ധതിയുടെ രൂപീകരണ/നിർവ്വഹണ നടപടിക്രമങ്ങൾ ഓഡിറ്റിൽ വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന നേട്ടങ്ങൾ/കോട്ടങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

വാർഷികപദ്ധതി നേട്ടങ്ങളും കോട്ടങ്ങളും

നേട്ടങ്ങൾ

1) 2013-14,2014-15 സാമ്പത്തികവർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തുമായി കരാറിലേർപ്പെട്ട ഗുണഭോക്താക്കളിൽ 3 ഗുണഭോക്താക്കൾ ഒഴികെ എല്ലാവരും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

2) വാകത്താനം സി എച്ച് സി യിൽ ആവശ്യത്തിനുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടുണ്ട്.

3) ഉല്പാദനമേഖലയിൽ ബ്ലോക്ക് പഞ്ചായത്തിലുള്ള വിവിധ കർഷകഗ്രൂപ്പുകൾക്ക് പച്ചക്കറി വികസനത്തിനും,ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കി.

4) ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരകർഷകഗ്രൂപ്പുകൾക്ക് കാലിത്തീറ്റ സബ്സിഡി പദ്ധതിനടപ്പാക്കി.

5) പശ്ചാത്തല മേഖലാ പ്രവൃത്തികൾക്ക് മുൻഗണന നൽകി ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

കോട്ടങ്ങൾ

1) അങ്കണവാടികൾക്ക് കസേര വാങ്ങൽ എന്ന മേഖലാ ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തി ഏറ്റെടുത്തു നടപ്പാക്കി.

2) പട്ടികജാതി വികസന ഓഫീസർ 20 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചെങ്കിലും നടപ്പാക്കിയില്ല.

3)മെയിന്റനൻസ് ഫണ്ടുപയോഗിച്ച് വാകത്താനം സി എച്ച് സി യ്ക്ക് Aluminium Composit panelling എന്ന പ്രവൃത്തി നടപ്പാക്കി.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.4.14 - 28.4.14 | 2013-14 | 226/DPAW/16 തീ. 4.4.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.11.2013- 26.11.13 | 2010 -11 മുതൽ 2012-13 വരെ | LBA(HQ)/V/8A- 13-14/ 383-dt. 10.12.2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

2015-16 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. 26.07.2011 ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ബ്ലോക്കിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2. ഐ.എ.വൈ പദ്ധതിക്കായി മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും എടുത്ത ലോൺ തുകയിൽ 31.03.16 ൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ബാലൻസ് ഷീറ്റിലെ B-5, B-16 ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ഡെപ്പോസിറ്റ് ഇനത്തിലുള്ള തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.
4. അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ അഡ്വാൻസ് ഇനത്തിലുള്ള തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.

5. ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ വരവ് പൂർണമായും RP-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.തൻവർഷം ഐ.എ.വൈ പ്ലാൻ അക്കൗണ്ടിലെ മാത്രം പലിശ വരവ് 447987/- രൂപയും RP-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ പലിശ വരവ് 33411/- രൂപയുമാണ്.
6. ബാലൻസ് ഷീറ്റിലെ B-11(a) ഷെഡ്യൂളിൽ തൻ വർഷം പാർട്ട് ബിൽ നൽകിയ എല്ലാ തുകകളും ഉൾപ്പെടുത്തിയിട്ടില്ല.

## 2-2 സാംഖ്യ സ്റ്റേഷനറി-വിനിയോഗ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല

ബ്ലോക്ക് പഞ്ചായത്തിൽ പണമായും, ചെക്കായും തുകകൾ സ്വീകരിക്കുന്നത് സാംഖ്യ സ്റ്റേഷനറി ഉപയോഗിച്ചാണ്. എന്നാൽ സാംഖ്യ സ്റ്റേഷനറിയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. സ്റ്റോക്കിൽ എടുത്ത സാംഖ്യ സ്റ്റേഷനറിയുടേയും, ഓരോ ദിവസവും ഉപയോഗിക്കുന്ന സ്റ്റേഷനറികളുടേയും വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. സാംഖ്യ സ്റ്റേഷനറിയുടെ വിനിയോഗവിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 2-3 മാനുവൽ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ - സൂക്ഷിപ്പ് തൃപ്തികരമല്ല

ബ്ലോക്ക് പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് മുഖേനയും, നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയും (ഗുണഭോക്തൃനിഹിതം) തുകകൾ സ്വീകരിക്കുന്നതിന് മാനുവൽ രസീതും ഉപയോഗിക്കുന്നുണ്ട്. മാനുവൽ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഗ്രാമലക്ഷ്മി മുദ്രാലയം (കഞ്ചിക്കോട്)നിന്നും ലഭ്യമാക്കിയ 20 രസീത് ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത തീയതി രേഖപ്പെടുത്തിയിട്ടില്ല.(ബുക്ക് നം.530-549 വരെ)

2.രസീത് ബുക്കുകൾ ഇഷ്യൂ ചെയ്ത തീയതി, രസീത് ബുക്ക് കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ വിവരം, കൈയൊപ്പ് എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3.ബുക്ക് നം.535,540,544,549 എന്നിവ സംബന്ധിച്ച യാതൊരു വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4.ഭൗതികപരിശോധനയിൽ ബുക്ക് നം.547,548,550 എന്നീ നമ്പരുകളിലുള്ള രസീത് ബുക്കുകൾ സ്റ്റോക്കിൽ ഉള്ളതായി കാണപ്പെട്ടു.എന്നാൽ ബുക്ക് നം.550 സ്റ്റോക്കിൽ എടുത്തതു സംബന്ധിച്ച യാതൊരു വിവരവും സ്റ്റോക്ക് രജിസ്റ്ററിൽ ഇല്ല.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/2.2.17) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മാനുവൽ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായ വിവരങ്ങൾ ചേർത്ത് സൂക്ഷിക്കേണ്ടതും, മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 2-4 ഐ.എ.വൈ അഡീഷണൽ അക്കൗണ്ടിൽ അവശേഷിക്കുന്ന 86.26 ലക്ഷം രൂപയുടെ ഇനവിവരം വ്യക്തമല്ല - തുകയുടെ വിനിമയത്തിൽ അപാകം

ബ്ലോക്ക് പഞ്ചായത്തിന്റെ പെരുമ്പനച്ചി സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യയിലുള്ള ഐ.എ.വൈ അഡീഷണൽ അക്കൗണ്ടിൽ (അക്കൗണ്ട് നം.2081671673) 86,26,763 രൂപ അവശേഷിച്ചിരുന്നു. കണക്കുകളുടെ സൂക്ഷിപ്പിലെ ന്യൂനത മൂലം പ്രസ്തുത നീക്കിയിരുപ്പ് തുകയുടെ ഇനവിവരമോ ഉറവിടമോ വ്യക്തമല്ല. ഈ സാഹചര്യത്തിൽ തുക ചെലവഴിക്കുകയോ സർക്കാരിലേയ്ക്ക് തിരികെ ഒടുക്കുകയോ ചെയ്യണമെന്ന് വിവിധ ഓഡിറ്റ് ഏജൻസികൾ നിർദ്ദേശിച്ചിരുന്നതായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 30.10.13ലെ സി 957/13 നടപടിക്രമത്തിൽ പരാമർശിക്കുകയും നീക്കിയിരിപ്പ് തുകയിൽ നിന്നും 65 ലക്ഷം രൂപ ഐ.എ.വൈ പദ്ധതിയ്ക്കായി ചെലവഴിക്കുന്നതിന് എസ്ബിഐ മാടപ്പള്ളി ബാങ്കിൽ പുതിയ അക്കൗണ്ട് തുടങ്ങി നിക്ഷേപിക്കുകയും ശേഷിക്കുന്ന തുക സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, പെരുമ്പനച്ചിയിൽ നിലവിലുള്ള അക്കൗണ്ടിൽ തന്നെ നിലനിർത്തുകയും ചെയ്തു. എന്നാൽ, ഇനം തിരിച്ചറിയാത്ത തുക സർക്കാർ നിർദ്ദേശപ്രകാരമല്ലാതെ ഐ.എ.വൈ യുടെ അക്കൗണ്ടിൽ നിക്ഷേപിച്ചത് ക്രമപ്രകാരമല്ല. മാത്രമല്ല, നിലവിൽ ഐ.എ.വൈ പദ്ധതിയ്ക്ക് പകരമായി പ്രധാനമന്ത്രി ആവാസ് യോജന എന്ന പുതിയ പദ്ധതി ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത അക്കൗണ്ടുകൾ തുടരുന്നത് ക്രമപ്രകാരമല്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകത മൂലം ഏതെങ്കിലും ഫണ്ടിനം തിരിച്ചറിയാത്ത തുകയായി അക്കൗണ്ടിൽ നിലനിർത്തുന്നതും ആയത് സ്വേച്ഛാപരമായി ചെലവഴിക്കുന്നതും ഉചിതമല്ല. ആയതിനാൽ, ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ തീരുമാനം കൈക്കൊണ്ട് തുകയുടെ വിനിമയം നടത്തുന്നത് അംഗീകരിക്കാനാവില്ല. ഇത് സംബന്ധമായി വ്യക്തമായ സർക്കാർ നിർദ്ദേശം തേടി തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ദർഘാസ് പരസ്യങ്ങൾ പൂർണ്ണ രൂപത്തിൽ നൽകി

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് - ഡി) വകുപ്പ് സ.ഉ(അച്ചടിച്ചത്) 01/04/ഐ ആന്റ് പി ആർ തീയതി 01.01.04 പ്രകാരം ദർഘാസ് പരസ്യങ്ങളിലെ അടിസ്ഥാന വിവരങ്ങൾ മാത്രം ഉൾക്കൊള്ളുന്ന വിൻഡോ പരസ്യങ്ങൾ പത്രങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതും, അവയുടെ പൂർണ്ണരൂപം അതേസമയം സർക്കാർ വെബ്സൈറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ ദർഘാസ് പരസ്യങ്ങളുടെ വലുപ്പം മൂന്ന് സെന്റിമീറ്റർ X രണ്ടുകോളം (8 cm) ആയിരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് താഴെ കൊടുത്തിട്ടുള്ള പരസ്യങ്ങൾ സർക്കാർ ഉത്തരവ് പാലിച്ചല്ല നൽകിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പത്രത്തിന്റെ പേര്/തീയതി | നൽകിയ പരസ്യത്തിന്റെ വലുപ്പം | നൽകിയ തുക/ചെക്ക് നം./തീയതി |
|---|---|---|---|
| 1 | മാതൃഭൂമി/13.8.15 | 10cm x8cm<br>(110രൂ./cm2) | 8800/-രൂ. 070190115/ 11.9.15 |
| 2 | മാതൃഭൂമി/31.1.16 | 10cmx8cm | 8800/- രൂ.<br>070190136/ 11.2.16 |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/31.3.17) വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസരണമായി മാധ്യമങ്ങളിൽ പരസ്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

### 3-2 സാംസ്കാരിക നിലയത്തിന് ഉപകരണങ്ങൾ വാങ്ങൽ-വാങ്ങൽ സുതാര്യമല്ല

പ്രോജക്ട് നം. 64/16

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വാകത്താനം സാംസ്കാരിക നിലയത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിനായി 136017 രൂപ വികസനഫണ്ട് വകയിരുത്തിയിരുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വാകത്താനം ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ സാംസ്കാരിക നിലയത്തിന് ഡിജിറ്റൽ പോഡിയം, യു.പി.എസ്, കമ്പ്യൂട്ടർ ടേബിൾ എന്നിവ വാങ്ങി നൽകുക എന്നതായിരുന്നു പ്രോജക്ട്. ഇതിന്റെയടിസ്ഥാനത്തിൽ സ്റ്റീൽ കമ്പ്യൂട്ടർ ടേബിൾ വാങ്ങിയതിന്റെ വിലയായ 8432 രൂപ സിഡ്ക്കോയ്ക്ക് ഡി.ഡി.നം.248292/5.1.2016 പ്രകാരവും ഡിജിറ്റൽ പോഡിയം, എക്സ്റ്റേണൽ സ്പീക്കർ എന്നിവ വാങ്ങിയതിന്റെ വിലയായ 99615 രൂപ ഡി.ഡി.നം. 248879/26.2.16 പ്രകാരം കെ.എസ്.ഐ.ഇ എന്ന സ്ഥാപനത്തിനും നൽകി. പ്രസ്തുത പ്രോജക്ട് നടപ്പാക്കിയതിൽ ചുവടെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) ഇൻവോയിസ് ലഭിച്ചിരിക്കുന്നത് സിഡ്ക്കോയിൽ നിന്നുമാണ്. എന്നാൽ കെ.എസ്.ഐ.ഇ എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഡിജിറ്റൽ പോഡിയം, എക്സ്റ്റേണൽ സ്പീക്കർ എന്നിവ വാങ്ങിയത്. ആയതിന്റെ കാരണം വ്യക്തമല്ല.

2) സിഡ്ക്കോയുമായി എഗ്രിമെന്റ് വച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.5)സിഡ്ക്കോയുമായി എഗ്രിമെന്റ് വച്ചിട്ടില്ല എന്നും സിഡ്ക്കോയിൽ ഫർണ്ണിച്ചർ ഒഴികെയുള്ള സാധനങ്ങൾ ലഭ്യമല്ലാത്തതിനാലാണ് കെ.എസ്.ഐ.ഇ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയത് എന്നു മറുപടി ലഭ്യമാക്കി. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 3-3 ബോധവൽക്കരണ പരിപാടികൾ-സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ആരോഗ്യരംഗത്തെ വിവിധ പദ്ധതികൾ(പ്രോജക്ട്നം.S0026/16) പകർച്ചവ്യാധി നിയന്ത്രണത്തിനാവശ്യമായ ബോധവൽക്കരണം എന്ന പദ്ധതിക്കായി 50,000 രൂപ മെയിന്റനൻസ് ഫണ്ട്-റോഡിതരം ചെലവഴിച്ചു. ചെലവിന്റെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഇനം | തുക | ഡി.ഡി.നം. | തുക നൽകിയത് |
|---|---|---|---|
| മരുന്ന് വാങ്ങൽ | 32,800 | 247927/1.12.2015 | ബയോടെക് |
| സജ്ജീകരണം(പന്തൽ,കസേര മുതലായവ) | 14,000 | 247928/1.12.2015 | റോയൽ ഇവന്റ്സ് |
| നോട്ടീസ് | 2,000 | കാഷായി നൽകി | കമ്പ്യൂട്ടർ ഹൌസ് |
| ഭക്ഷണച്ചെലവ് | 1,200 | കാഷായി നൽകി | ഹോട്ടൽ ടോണി |

ജി.ഒ.എം.എസ്.362/2013തസ്വഭവ 16.11.2013 പ്രകാരം ബോധവൽക്കരണ പരിപാടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ല എന്ന നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ ജി.ഒ.പി.177/2006ധനം 12.4.2006 പ്രകാരം 1000 രൂപയിൽ അധികമുള്ള ചെലവ് കാഷായി നൽകാവുന്നതല്ല. മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച നൽകിയ എൻക്വയറിക്ക്(നം.6)മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പാലിച്ച് പ്രോജക്ടുകൾ നടപ്പാക്കാൻ ഭാവിയിൽ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-4 ഐ.എ.വൈ പദ്ധതി

ഐ.എ.വൈ ഭവനനിർമ്മാണപദ്ധതിയിലുൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തുമായി കരാറിലേർപ്പെട്ട ഗുണഭോക്താക്കളിൽ 2013-14 വർഷത്തെ 1 ഗുണഭോക്താവും 2014-15 വർഷത്തെ 2 ഗുണഭോക്താക്കളും നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. 2013-14 മുതൽ 2015-16 വരെയുള്ള കാലയളവിൽ നിർമ്മാണം ആരംഭിച്ചതും നാളിതുവരെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതിരുന്നതുമായ ഭവനങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | കരാറിലേർപ്പെട്ടവർ | നിർമ്മാണം പൂർത്തീകരിച്ചവർ | ചെലവഴിച്ച തുക | പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഭവനങ്ങളുടെ എണ്ണം |
|---|---|---|---|---|
| 2013-14 | 235 | 234 | 4,68,00,000 | 1 |
| 2014-15 | 249 | 244 | 4,88,00,000 | 2(3പേർ തുക റീഫണ്ട് ചെയ്തു) |
| 2015-16 | 272 | 216 | 4,32,00,000 | 56 |
| ആകെ | | 694 | | 59 |

പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഭവനങ്ങളുടെ നിർമ്മാണഘട്ടം സംബന്ധിച്ച വിവരം ചുവടെ പറയും പ്രകാരമാണ്.

| ബേസ് | ലിന്റൽ | റൂഫ് | ആകെ |
|---|---|---|---|
| 14 | 12 | 33 | 59 |

2015-16 ൽ ഐ.എ.വൈ പദ്ധതിയുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 3,35,13,591 |
| വരവ് | 3,16,85,371 |
| ആകെ | 6,51,98,962 |
| ചെലവ് | 2,79,32,547 |
| നീക്കിയിരുപ്പ് | 3,72,66,415 |

പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയോ അല്ലാത്തപക്ഷം ഈ വീടുകളുടെ നിർമ്മാണത്തിനായി വിനിയോഗിച്ച തുക തിരികെ ഈടാക്കുകയോ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ഐ.എ.വൈ ഭവനവായ്പ - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ഐ.എ.വൈ. ഭവന പദ്ധതിയ്ക്കായി സർക്കാർ ഉത്തരവ് (എം.എസ്.) നം.90/13 തസ്വഭവ തീയതി 24.3.2013 ന്റെ അടിസ്ഥാനത്തിൽ 48,75,000 രൂപ മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പയായി എടുത്തിയിട്ടുണ്ട്. ത.സ്വ.ഭ.വകുപ്പിന്റെ സ.ഉ.(കൈ) നം.332/13/തസ്വഭവ തീയതി 9.10.2013 ഉത്തരവിൽ വായ്പയെടുക്കലും തിരിച്ചടവും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഈ ഉത്തരവ് ലംഘിച്ചുകൊണ്ട് വായ്പതുകയുടെ മുതലിന്റെ ഒരു ഭാഗം

പോലും തിരിച്ചടയ്ക്കാത്തതായി ശ്രദ്ധയിൽപ്പെട്ടു. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് കുടിശ്ശിക തുക ഉൾപ്പെടെ തിരിച്ചടക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 വിനിയോഗ സാകക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു

2015-16ലെ പൊതുവിഭാഗം സാധാരണവിഹിതത്തിൽ നിന്നും 5 ലക്ഷം രൂപ അടങ്കൽ കൽപ്പിച്ച് എസ്0 069/15-16 ആയി അംഗീകാരം ലഭിച്ച പദ്ധതിയാണ് തെരുവുനായ്ക്കളുടെ വന്ധ്യംകരണം. ഈ പദ്ധതിക്കായി 5 ലക്ഷം രൂപ ഡി.ഡി.നം.326605/18.3.16 പ്രകാരം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചത് സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ 5 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ. | സ.ഉ.(എം.എസ്.)90/13 /14.3.13 | 4875000 | 4875000 | - | 319850 | 4875000 |

വായ്പയുടെ വിനിയോഗം, വായ്പ തിരിച്ചടവ് തുടങ്ങിയ ഗൗരവമുള്ള പരാമർശങ്ങൾ ഭാഗം മൂന്നിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,07,43,090 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,24,93,788 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിയ്ക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,00,000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 5,00,000 | ശ്രീ.വിശ്വൻ പി.കെ., സെക്രട്ടറി |
| ആകെ | 5,00,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | നം.എൽ.എഫ്.കെ.പി.3/770/13/30.10.13 /5.11.13 | 5 | |
| 1998-99 | നം.എൽ.എഫ്.കെ.പി.3/770/13/30.10.13 /5.11.13 | 5 | |
| 1999-00 | നം.എൽ.എഫ്.കെ.പി.3/770/13/30.10.13 /5.11.13 | 19 | |
| 2000-01 | നം.എൽ.എഫ്.കെ.പി.3/770/13/30.10.13 /5.11.13 | 4 | |
| 2002-03 | നം.എൽ.എഫ്.കെ.പി.3/770/13/30.10.13 /5.11.13 | 4 | |

| | | | |
|---|---|---|---|
| 2003-04 | നം.എൽ.എഫ്.കെ.പി.3/770/13/31.1.14 | 6 | |
| 2004-05 | നം.എൽ.എഫ്.കെ.പി.3/770/13/31.1.14 | 3 | |
| 2005-06 | നം.എൽ.എഫ്.കെ.പി.3/770/13/31.1.14 | 3 | |
| 2006-07 | നം.എൽ.എഫ്.കെ.പി.3/770/13/31.1.14 | 11 | |
| 2007-08 | നം.എൽ.എഫ്.കെ.പി.3/770/13/31.1.14 | 4 | |
| 2008-09 | നം.എൽ.എഫ്.കെ.പി.3/770/13/31.1.14 | 2 | |
| 2009-10 | നം.എൽ.എഫ്.കെ.പി.3/770/13/3.2.14 | 7 | |
| 2010-11 | നം.എൽ.എഫ്.കെ.പി.3/770/13/3.2.14 | 14 | |
| 2011-12 | നം.എൽ.എഫ്.കെ.പി.3/682/13/13.12.13 /27.12.14 | -- | |
| 2012-13 | നം.എൽ.എഫ്.കെ.പി.3/1384/14/8.7.15 | 7 | |
| 2013-14 | നം.എൽ.എഫ്.കെ.പി.3/1568/14/3.9.15 | 7 | |
| 2014-15 | നം.കെ.എസ്.എ-കെ.ടി.എം.പി3/144 /2016/29.2.2016 | | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി3/130/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 07.02.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം